**File No.TCPCTP/498/2020-C2**

<u>മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം</u>

<u>തിരുവനന്തപുരം</u>

വിഷയം:- നഗര- ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം - മലപ്പുറം ജില്ല - പോരൂർ ഗ്രാമപഞ്ചായത്ത് -പോരൂർ വില്ലേജ് - പെയിന്റിംഗ് ഗോഡൗൺ നിർമ്മാണം ലേ-ഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. പോരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 11.12.2019, 21.1.2020 തീയതികളിലെ എ 3/2766/2019 നമ്പർ കത്തുകൾ

2. മലപ്പുറം ജില്ലാ ടൗൺ പ്ലാനറുടെ 4/2/2020 ലെ TCPMPM/2478/19-A3 നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/498/2020 -C2 തീയതി:**07/03/2020**

---

മലപ്പുറം ജില്ലയിലെ പോരൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പോരൂർ വില്ലേജിൽ Block 139 ൽ റീ സർവ്വേ നമ്പർ 29/9-2, 29/9-4, 29/9-5, 29/9-6, 29/9 എന്നിവയിൽ ഉൾപ്പെടുന്ന 3.0690 ഹെക്ടർ സ്ഥലത്ത് നിർമ്മാണം പൂർത്തിയാക്കിയ i)3 പെയിൻറ് ഗോഡൗൺ ഷെഡുകൾ(G.F only),ii) സ്റ്റാഫ് കെട്ടിടം(G.F only),iii) ഒരു ഓഫീസ് കെട്ടിടം ഉൾപ്പെടെ ആകെ 3105.04. ച.മീ. വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള ലേ -ഔട്ട് അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ. മുജീബ്റഹ്മാൻ & ശ്രീമതി. ജസീല, ആലിക്കാപറമ്പിൽ ഹൗസ്, വാണിയമ്പലം-ന്റെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

<u>നിബന്ധനകൾ</u>

1. നിർമ്മാണം കെ.പി.ബി.ആർ. 2011 -നും, അനുബന്ധ ഭേദഗതികൾക്കും , അനുസൃതമായിരിക്കണമെന്ന് പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
2. കെ.പി.ബി.ആർ. ചട്ടം 11 (1) പ്രകാരം സ്ഥലത്തിന്റെ സർവ്വെ നമ്പറും ഉടമസ്ഥത സംബന്ധിച്ച രേഖകളും അതിരുകളും അളവുകളും വിസ്തീർണ്ണവും ഉടമസ്ഥാവകാശവും നിർമ്മാണാവകാശവും പഞ്ചായത്ത് സെക്രട്ടറി പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.
3. പെർമിറ്റ്/Occupancy നൽകുന്നതിന് മുമ്പ് ചട്ടം 61 (6) പ്രകാരം ഫയർ വകുപ്പിൽ നിന്നും 61(5) പ്രകാരം pollution control board ൽ നിന്നും അനുമതി വാങ്ങേണ്ടതാണ്. ചട്ടം 61 (7) പ്രകാരം ഫയർ പ്രൊട്ടക്ഷൻ സംവിധാനങ്ങൾ നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
4. Permit/Occupancy Certificate നൽകുന്നതിന് മുമ്പ് ബന്ധപ്പെട്ട എല്ലാ വകുപ്പുകളിൽനിന്നും അനുമതി വാങ്ങിയിട്ടുണ്ടെന്നും ആയതിൽ നിഷ്കർഷിക്കുന്ന നിബന്ധനകളെല്ലാം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

5. Occupancy Certificate നൽകുന്നതിന് മുമ്പ് ചട്ടം 61 (7) പ്രകാരം ഫയർ പ്രൊട്ടക്ഷൻ സംവിധാനങ്ങൾ നൽകിയിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.
6. ഗോഡൗൺ ഷെഡുകളിൽ, കെ.പി.ബി.ആർ. ചട്ടം 52 (2) ലൈറ്റിംഗ് & വെന്റിലേഷന് പ്രകാരം roof top ventilators സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
7. Pollution control board നിർദ്ദേശിക്കും വിധം ചട്ടം 61 (16) പ്രകാരം വേണ്ടുന്ന in situ liquid waste management treatment plant, ചട്ടം 61 (17) പ്രകാരം വേണ്ടുന്ന recycling and reusing of waste water സംവിധാനങ്ങളും നൽകുന്നുണ്ടെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
8. ഓഫീസ് കെട്ടിടത്തിൽ വികലാംഗർക്കുള്ള സൗകര്യങ്ങൾ ( Ramp,Toilet ) സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
9. അനുമതി ലഭിക്കുന്നതിന് മുമ്പ് നിർമ്മാണം പർത്തീകരിച്ചിട്ടുള്ളതിനാൽ കെ.പി.ബി.ആർ. 2011 ചട്ടം 137 (4) പ്രകാരം കോമ്പൗണ്ടിംഗ് ഫീ ഈടാക്കേണ്ടതാണ്.
10. ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകുന്നതിനുമുമ്പ് സൈറ്റ് പ്ലാനിൽ കാണിച്ച വിധം Plot lay out, (plot-നകത്ത് കാണിച്ചിട്ടുള്ള റോഡ് ഗതാഗതം സാധ്യമാകുന്ന സ്ലോപ്പിൽ പൂർത്തീകരിച്ചിട്ടുണ്ടെന്ന് ) സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
11. പ്ലോട്ടിലേയ്ക്ക് എൻട്രൻസ് ഗേറ്റ് സ്ഥാപിക്കുന്നുവെങ്കിൽ Gate inner measurement 7.0 meter ~~Room~~ഉം,കമാനം/ മേൽക്കൂരയുള്ള ഗേറ്റാണ് നൽകുന്നുവെങ്കിൽ 5.0 മീറ്ററിൽ കുറയാത്ത Head room ഉണ്ടായിരിക്കേണ്ടതാണ്.

**അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 56/2020 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു**

ചീഫ് ടൗൺ പ്ലാനറുടെ ഉത്തരവിൻ പ്രകാരം

Signature valid
Digitally signed by JAYASREE P R
Date: 2020.03.07 16:16:19 IST
Reason: Approved

ഉള്ളടക്കം- ഒരു സൈറ്റ് പ്ലാൻ

ജയശ്രീ. പി. ആർ.
ടൗൺ പ്ലാനർ

സെക്രട്ടറി,
പോരൂർ , ഗ്രാമപഞ്ചായത്ത്, ചെറുകോട്, മലപ്പുറം, 679339

പകർപ്പ്:-

1. ശ്രീ. മുജീബ്റഹ്മാൻ & ശ്രീമതി. ജസീല, ആലിക്കാപറമ്പിൽ ഹൗസ്, വാണിയമ്പലം , മലപ്പുറം -679339
2. ടൗൺ പ്ലാനർ, മലപ്പുറം 3. വെബ് സൈറ്റ്
4. കരുതൽ ഫയൽ 5. അധികം